പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 1981 — 05.10.2016 ൽ മറുപടിക്ക്

## കായംകുളം ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.യു.പ്രതിഭ ഹരി | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കായംകുളം കായൽ, അനുബന്ധ തോടുകൾ, കനാലുകൾ എന്നിവിടങ്ങളിൽ വ്യാപകമായതോതിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് മലിനപ്പെടുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഈ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ ജല വിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കായലിലേയ്ക്ക് എത്തുന്ന ഒരു പ്രധാന തോടായ കരിപ്പുഴ തോട്ടിലൂടെയും കൈവഴികളിലൂടെയുമാണ് പ്രധാനമായും മാലിന്യം എത്തുന്നത്. കൂടാതെ കായൽ വശങ്ങളിലുള്ള വീടുകളിലെ കക്കൂസ് മാലിന്യം ചെറിയ തോതിൽ എത്തുന്നു. ജല സ്രോതസ്സുകളിലേയ്ക്ക് · മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്വച്ഛ് ഭാരത് പദ്ധതിയിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാൽ വീടുകളിലെ കക്കൂസ് മാലിന്യം സംബന്ധിച്ച വിഷയം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ